## പതിമൂന്നാം കേരള നിയമസഭ
## ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 2538      19/06/2013 ൽ മറുപടിയ്ക്ക്

### വെള്ളാർ ജാതിയിൽപ്പെട്ടവർക്ക് ജാതി സർട്ടിഫിക്കറ്റ് നൽകുന്നതിന് നടപടി

| ചോദ്യം | | മറുപടി |
| --- | --- | --- |
| ശ്രീ. എസ്. രാജേന്ദ്രൻ | | **ശ്രീ. എ.പി. അനിൽകുമാർ (പട്ടികജാതി - പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പ് മന്ത്രി)** |
| (എ) അഞ്ചുനാട് ഗ്രാമങ്ങളിലെ വെള്ളാർ ജാതിയിൽപ്പെട്ടവർക്ക് ജാതി സർട്ടിഫിക്കറ്റ് നൽകുന്നതിനുള്ള നോട്ടിഫിക്കേഷൻ നടപടി ക്രമങ്ങൾ പൂർത്തീകരിച്ച് സർട്ടിഫിക്കറ്റ് നൽകുന്നതിനാവശ്യമായ നടപടികൾ പൂർത്തിയായോ ; | (എ) യും (ബി) യും | 13.02.2012-ലെ സർക്കാർ ഉത്തരവ് (പി) നം. 26/12/പജപവവിവ പ്രകാരം അഞ്ചുനാട് വെള്ളാളർ (Anchunadu Vellalar) സമുദായത്തെ ഒ.ബി.സി വിഭാഗത്തിൽ ഉൾപ്പെടുത്തണമെന്ന കേരള സംസ്ഥാന പിന്നോക്ക വിഭാഗ കമ്മീഷന്റെ ശുപാർശ സർക്കാർ അംഗീകരിച്ച് ഉത്തരവായി. പ്രസ്തുത ഉത്തരവിന് നിയമപ്രാബല്യം നൽകുന്നതിലേയ്ക്കായി കെ. എസ് & എസ്. എസ് ആർ -ലെ ബന്ധപ്പെട്ട ചട്ടങ്ങളിൽ (ലിസ്റ്റ് III , പാർട്ട് - I , കെ. എസ് & എസ്. എസ്.ആർ) ഭേദഗതി വരുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. ഭേദഗതി വിജ്ഞാപനം പബ്ലിക് സർവ്വീസ് കമ്മീഷന്റെ ഉപദേശത്തിനായി നൽകിയിരിക്കുകയാണ്. നടപടികൾ പൂർത്തീകരിച്ച് വിജ്ഞാപനം പുറപ്പെടുവിക്കുന്ന മുറയ്ക്ക് പ്രസ്തുത സമുദായത്തിന് ഒ.ബി.സി വിഭാഗത്തിനുള്ള സംവരണം ഉൾപ്പെടെയുള്ള എല്ലാ ആനുകൂല്യങ്ങളും ലഭിക്കുന്നതാണ്. |
| (ബി) ഇല്ലെങ്കിൽ പ്രസ്തുത സർട്ടിഫിക്കറ്റുകൾ ഉടൻ നൽകുന്നതിനുള്ള നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ ? | | |

സെക്ഷൻ ഓഫീസർ